# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.205 19-6-2012 ന് മറുപടിയ്ക്ക്.

### വനം കയ്യേറ്റത്തിന് പരിഹാര നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്.സുനിൽകുമാർ :<br>ശ്രീ.സി.ദിവാകരൻ :<br>ശ്രീ.കെ.അജിത് :<br>ശ്രീമതി ഇ.എസ്.ബിജിമോൾ : | ശ്രീ.കെ.ബി.ഗണേഷ്കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) അടിക്കാട് തെളിച്ചും ചെറുമരങ്ങൾ വെട്ടിയും നടത്തുന്ന വനം കയ്യേറ്റങ്ങൾ പശ്ചിമ ഘട്ടത്തിൽ പാരിസ്ഥിതിക ആഘാതമുണ്ടാക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇപ്രകാരം എത്ര ഹെക്ടർ വനം കയ്യേറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1980-90 കാലഘട്ടത്തിൽ റവന്യൂ-വനം വകുപ്പ് ഉദ്യോഗസ്ഥർ നടത്തിയ സംയുക്ത പരിശോധനയിൽ സി. എച്ച് ആർ. മേഖല ഉൾപ്പെടെ 46173.5087 ഹെ. വനഭൂമിയിൽ കയ്യേറ്റം നടന്നതായി കണക്കാക്കിയിട്ടുണ്ട്. 1990-നു ശേഷം വനംകയ്യേറ്റങ്ങൾ കണ്ടെത്തുന്ന മുറയ്ക്കുതന്നെ ഒഴിപ്പിച്ചുവരികയാണ്. അടുത്ത കാലത്ത് വയനാട് ജില്ലയിൽ 596.61 ഹെ. വനഭൂമിയിലും ഇടുക്കി ജില്ലയിൽ 259.9085 ഹെ. വനഭൂമിയിലും കയ്യേറ്റം ഉണ്ടായിട്ടുണ്ട്. |
| (ബി) വനത്തിന് പുറത്തുള്ള ഭൂമി കണ്ടെത്തി പുനരധിവാസം നടത്തി വനം കയ്യേറ്റത്തിന് പരിഹാരം കണ്ടെത്തുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) വനം കയ്യേറ്റത്തിനു പരിഹാരമായി വനത്തിനു പുറത്തുള്ള ഭൂമി കണ്ടെത്തി പുനരധിവാസം നടത്തുന്നതിനുള്ള പദ്ധതി വനംവകുപ്പിൽ നിലവിലില്ല. |
| (സി) ഇത്തരം വനംകയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ? | (സി) സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 01..01..1977 നു മുൻപ് കയ്യേറിയതായി കണ്ടെത്തിയ 34255.6135 ഹെ. വനഭൂമിയിൽ 28588.159 ഹെ. ക്രമീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. 01.01.1977-നു ശേഷമുള്ള 11917.8952 ഹെ. വനഭൂമിയിലെ കയ്യേറ്റങ്ങളിൽ നാളിതുവരെ 4812.1955 ഹെ. ഒഴിപ്പിച്ചിട്ടുണ്ട്. കൂടാതെ വനാവകാശ നിയമപ്രകാരം 2587 ഹെ. വനഭൂമിയുടെ അവകാശം ആദിവാസികൾക്ക് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ഭൂരിഭാഗം വനം കയ്യേറ്റങ്ങളും |

സാമൂഹിക രാഷ്ട്രീയ പിൻബലത്തോടു കൂടിയുള്ള പ്രാദേശിക എതിർപ്പുമൂലം ഒഴിപ്പിക്കുവാൻ സാധിച്ചിട്ടില്ല.

അടുത്ത കാലത്ത് വയനാട് ജില്ലയിൽ നടന്ന വനം കയ്യേറ്റത്തിൽ 135.85 ഹെക്ടറും ഇടുക്കി ജില്ലയിൽ നടന്ന വനം കയ്യേറ്റത്തിൽ 251.9085 ഹെക്ടറും ഒഴിപ്പിച്ചിട്ടുണ്ട്. ശേഷിക്കുന്ന വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വനംകയ്യേറ്റശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുകയും പ്രതികൾക്കെതിരെ നിയമനടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. വനാതിർത്തികൾ നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും വനഭൂമി സംരക്ഷിച്ചുവരുന്നു. കൂടാതെ റവന്യു പോലീസ് അധികാരികളുടെ സഹായത്തോടെ വനം കയ്യേറ്റം ഒഴിപ്പിക്കുവാനും നടപടികൾ സ്വീകരിച്ചുവരുന്നു. 08..11.2002 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) 69/2002/വനം പ്രകാരം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല കമ്മിറ്റിയും, 06..03..2003 ലെ ജി. ഒ.(എം.എസ്) 15/03/വനം പ്രകാരം സർക്കിൾ കൺസർവേറ്റർമാരുടെ അദ്ധ്യക്ഷതയിൽ സർക്കിൾതല കമ്മിറ്റികളും വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കൈവരിച്ച പുരോഗതി അവലോകനം ചെയ്യുന്നതിനായി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി വിവിധ വകുപ്പുകളുടെ സഹകരണം ഏകോപിപ്പിച്ച് ഫലപ്രദമായി വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.